<u>അനുബന്ധം എച്ച് 4</u>

<u>നോട്ടീസ്</u>

ശ്രീ.അനിൽ കുമാർ വി.ആർ (പെൻ:332276), ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, കുടുംബാരോഗ്യ കേന്ദ്രം ഉടുമ്പൻചോല, ഇടുക്കി എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോടു നിർദ്ദേശിച്ചു കൊണ്ടുള്ള കാരണം കാണിക്കൽ നോട്ടീസ്, എ5-12991/2024/ജി.മെ.ആ, ഇടുക്കി തീയതി 26-06-2025 പ്രകാരം ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽ വിലാസത്തിൽ അറിയിച്ചിരുന്നു. എന്നാൽ ആ കാരണം കാണിക്കൽ നോട്ടീസിന്റെ കൈപ്പറ്റ് പകർപ്പ് നാളിതുവരെ തിരികെ ലഭിച്ചിട്ടില്ലാത്തതാകുന്നു. അതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് നിങ്ങളുടെ ലിഖിതമായ എതിർവാദപത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്ത പക്ഷം നിങ്ങൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതും 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും ചട്ട പ്രകാരം സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതുമാണ്. കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്ക് മുമ്പ് ഇടുക്കി ജില്ലാ മെഡിക്കൽ ആഫീസിൽ നിന്നും ആഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്ക് വാങ്ങാവുന്നതാണ്.

Digitally signed by
Suresh Varghese S
Date: 25-03-2026
12:01:38

ഡോ. സുരേഷ് വർഗീസ്. എസ്
ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), ഇടുക്കി i/c

Sri.Anil Kumar V R
Vengoor (H) Mangalam
Vazhoor Mangalam P O
Kallissery, Alappuzha